<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 169</u> <u>23-01-2025 - ൽ മറുപടിയ്ക്ക്</u>

<u>കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി ആശുപത്രികളുടെ കെട്ടിട നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ബജറ്റ് വർക്കുകൾ ആയ കടപ്ലാമറ്റം, മരങ്ങാട്ടുപിള്ളി ആശുപത്രികളുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഡിഎച്ച്എസ്-20416/2024, 20431 /2024 എന്നീ നമ്പർ ഫയലുകളിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് ഉണ്ടായിരിക്കുന്ന കാലതാമസം വിശദീകരിക്കാമോ; | (എ) | കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിരിക്കുന്ന എഫ്.എച്ച്.സി. മരങ്ങാട്ടുപിള്ളി, എഫ്.എച്ച്.സി. കടപ്ലാമറ്റം എന്നീ സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിടം പണിയുന്നതിലേക്ക് ഒരു കോടി രൂപ 2022-2023 -ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതു മരാമത്തു വകുപ്പ് കെട്ടിട വിഭാഗം അധികാരികൾ തയ്യാറാക്കി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കിയ പ്ലാനുകൾ 24.01.2024 തീയതിയിലെ കത്ത് പ്രകാരം ഡയറക്ടറേറ്റ് തലത്തിൽ അംഗീകാരം നൽകിയിരുന്നു. എന്നാൽ എഫ്.എച്ച്.സി. കടപ്ലാമറ്റത്ത് നിർദിഷ്ട പദ്ധതിയ്ക്കായി കണ്ടെത്തിയ സ്ഥലത്തിനോട് ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനാൽ അംഗീകാരം ലഭിച്ച പ്ലാൻ പ്രകാരം നിർമ്മാണപ്രവർത്തനങ്ങൾ നടത്തു ന്നതിന് സാങ്കേതിക തടസ്സമുണ്ടാകുമെന്ന് പൊതുമരാമത്തുവകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്ലാനിൽ മാറ്റം വരുത്തി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കിയത് 18.07.2024 തീയതിയിലെ കത്ത് പ്രകാരം അംഗീകരിച്ചു നൽകിയിരുന്നു. ശേഷം 04.11.2024 തീയതിയിലെ കത്ത് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കിയ കടപ്ലാമറ്റം എഫ്.എച്ച്.സി-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് ഭരണാനുമതിയ്ക്കായി ലഭ്യമാക്കിയിരുന്നു. ആയത് സർക്കാർ തലത്തിൽ പരിശോധിക്കുകയും എസ്റ്റിമേറ്റ് നിലവിലുള്ള ആശുപത്രി സ്റ്റാൻഡേർഡ്സ് പാലിച്ചു കൊണ്ടുള്ളതാണോയെന്നും അശുപത്രിയുടെ പ്രവർത്തനത്തിന് ഉതകുന്നതാണോയെന്നും വ്യക്തമാക്കുന്നതിനും കുറവുകളുണ്ടെങ്കിൽ അവ |

| | | | |
|---|---|---|---|
| | | | പരിഹരിച്ച ശേഷം ഉചിതമായ ശിപാർശ സഹിതം പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കുവാനും 17.12.2024 തീയതിയിലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. തുടർന്ന് പ്രസ്തുത കുറവുകൾ പരിഹരിച്ച് എസ്റ്റിമേറ്റ് പുനർ സമർപ്പിക്കുന്നതിന് ആവശ്യമായ നടപടി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചു വരുന്നു. മരങ്ങാട്ടുപിള്ളി എഫ്.എച്ച്. സി.യുടെ പ്ലാൻ പൊതുമരാമത്തു വകുപ്പിൽ നിന്നും ലഭ്യമാക്കിയത് പരിശോധനകൾക്കായി 12.01.2025 തീയതിയിലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജോലികളുടെ എസ്റ്റിമേറ്റുകൾ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ടോ; അവിടെ നിന്നും ആയത് സർക്കാരിലേക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ അതിൽ പറഞ്ഞിരിക്കുന്ന വിശദാംശങ്ങൾ എന്തെല്ലാമാണ്; ഈ വിഷയം പരിഹരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | No.CE/BL/PL1/KTM/3563/2023_5_11 തീയതി 04.11.2024 എന്ന കത്ത് പ്രകാരം കടപ്ലാമറ്റം എഫ്.എച്ച്.സി.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാൻ പൊതുമരാമത്തു വകുപ്പിൽ നിന്നും ലഭ്യമാക്കിയത് ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് നൽകിയിരുന്നു. പ്രസ്തുത എസ്റ്റിമേറ്റ് നിലവിലുള്ള ആശുപത്രി സ്റ്റാൻഡേർഡ്സ് പാലിച്ചു കൊണ്ടുള്ളതാണോ യെന്നും അശുപത്രിയുടെ പ്രവർത്തനത്തിന് ഉതകുന്നതാണോയെന്നും വ്യക്തമാക്കുന്നതിനും പ്രൊപ്പോസലുകൾ വിശദമായി പരിശോധിച്ച് കുറവുകളുണ്ടെങ്കിൽ അവ പരിഹരിച്ച ശേഷം ഉചിതമായ ശിപാർശ സഹിതം പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കുന്നതിനും No.P3/228/2024-Health തീയതി 17.12.2024 കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് പ്രസ്തുത കുറവുകൾ പരിഹരിച്ച് ആശുപത്രി സൂപ്രണ്ടിന്റെയും ജില്ലാ മെഡിക്കൽ ഓഫീസറുടെയും മേലൊപ്പോടെ എസ്റ്റിമേറ്റ് പുനർ സമർപ്പിക്കുന്നതിന് 03.01.2025 തീയതിയിലെ നം.പി.എൽ.ബി2-20431/2023 കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>മരങ്ങാട്ടുപിള്ളി എഫ്.എച്ച്.സി. യുടെ പ്ലാൻ പൊതുമരാമത്തുവകുപ്പിൽ നിന്നും ലഭ്യ മാക്കിയതും പരിശോധനകൾക്കായി 12.01.2025 തീയതിയിലെ നം.പി.എൽ.ബി2-20416/2023 കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. |
| (സി) | ബന്ധപ്പെട്ട ഫയലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പൊതുമരാമത്ത് വകുപ്പ് ബന്ധപ്പെട്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കറക്ട് ചെയ്ത് നൽകിയിട്ടുണ്ടോ; കോട്ടയം ഡി.എം.ഒ. എസ്റ്റിമേറ്റ് | (സി) | No.P3/228/2024-Health തീയതി 17.12.2024 സർക്കാർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സ്പഷ്ടീകരണം നൽകുന്നതിനും പ്രൊപ്പോസലുകൾ വിശദമായി പരിശോധിച്ച് |

| | | | |
|---|---|---|---|
| | ഡി.എച്ച്.എസ്. ന് നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ; | | കുറവുകളുണ്ടെങ്കിൽ അവ പരിഹരിച്ച ശേഷം ഉചിതമായ ശിപാർശ സഹിതം പുനർ സമർപ്പിക്കുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>മരങ്ങാട്ടുപിള്ളി എഫ്.എച്ച്.സി.യുടെ പ്ലാൻ പൊതുമരാമത്തുവകുപ്പിൽ നിന്നും ലഭ്യമാക്കിയതും പരിശോധനകൾക്കായി ആരോഗ്യ വകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആശുപത്രി സൂപ്രണ്ടിന്റെയും ജില്ലാ മെഡിക്കൽ ഓഫീസറുടെയും പരിശോധനകൾക്ക് ശേഷം മാത്രമേ എസ്റ്റിമേറ്റിൽ തിരുത്തൽ ആവശ്യമായി വരുമോ എന്ന കാര്യം അറിയാൻ സാധിക്കൂ. |
| (ഡി) | പ്രസ്തുത പ്രവൃത്തി സ്റ്റാൻഡേർഡ് ഗൈഡ്‌ലൈൻസ് പാലിച്ചുള്ളതാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ഡി) | എസ്റ്റിമേറ്റുകൾ പൊതുമരാമത്തുവകുപ്പിൽ നിന്നും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലേക്ക് നേരിട്ട് സമർപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തികൾ സ്റ്റാൻഡേർഡ് ഗൈഡ് ലൈൻസ് പാലിച്ചുള്ളതാണോയെന്ന് പരിശോധിക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. |
| (ഇ) | എഫ്.എച്ച്.സി. മരങ്ങാട്ടുപിള്ളി, എഫ്.എച്ച്.സി. കടപ്ലാമറ്റം എന്നീ സ്ഥാപനങ്ങൾക്കായി പുതിയ കെട്ടിടം പണിയുന്നതിലേക്ക് ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ പ്ലാനുകൾ ആരോഗ്യവകുപ്പ് ഡയറക്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ടോ; കഴിഞ്ഞ രണ്ട് വർഷമായി ഈ ആശുപത്രികളുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ? | (ഇ) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ